**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3005

18.10.2016-ൽ മറുപടിക്ക്

## കോർട്ട് ഫീ പത്രങ്ങൾ

**ചോദ്യം**

**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**

ഒരു ലക്ഷം രൂപവരെയുള്ള മുദ്രപത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽക്കാമെന്ന് 2014 ഡിസംബർ 14 ന് 3033-ാം നമ്പർ ഗസറ്റ് വിജ്ഞാപനം ഇറങ്ങിയെങ്കിലും അയ്യായിരം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽപനക്കായി നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിജ്ഞാപനം നടപ്പിലാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ.തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

സർക്കാർ വിജ്ഞാപനം വന്നതിനുശേഷം 5000/- രൂപയ്ക്കു മുകളിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽപ്പനയ്ക്ക് നൽകാത്തതു സംബന്ധിച്ച് യാതൊരു പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്റ്റാമ്പ് വെണ്ടർമാരുടെ വിൽപ്പന പരിധി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ച് എല്ലാ ട്രഷറി ഓഫീസർമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. സ്റ്റാമ്പ് വെണ്ടർമാർക്ക് എല്ലായിനം മുദ്രപ്പത്രങ്ങളും ആവശ്യത്തിനനുസരിച്ച് പുതുക്കിയ ഡിസ്കൗണ്ട് (25000/- രൂപവരെയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ) പ്രകാരം ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്നതിന് ആവശ്യമായ സാങ്കേതിക ക്രമീകരണം വരുത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**